അധ്യാപകന്റെ പേര് :ഷൈജു കെ എബ്രഹാം

വിദ്യാലയത്തിന്റെ പേര് :സെൻറ് പോൾസ് എ എൽ പി എസ് ,ചെമ്പൻകൊല്ലി

വിഷയം : ഗണിതം

യൂണിറ്റ് : 1,രൂപങ്ങൾ വരയ്ക്കാം

മൊഡ്യൂൾ 1

സമയം: 10 പിരീഡ്

തീയതി:

പഠനലക്ഷ്യങ്ങൾ

► നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ

തിരിച്ചറിയുന്നു; തരംതിരിക്കുന്നു; നിർമ്മിക്കുന്നു.

മേഖലകൾ

►ജ്യാമിതി

►പാറ്റേണുകൾ

ആശയങ്ങൾ / ധാരണകൾ

►നമുക്ക് ചുറ്റും കാണുന്ന നിർമ്മിതിയിലും മറ്റും ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

►ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിയൽ തരംതിരിക്കൽ.

►ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമിക്കൽ.

മുന്നറിവ

►ചതുരം വൃത്തം ത്രികോണം എന്നീ രൂപങ്ങൾ കുട്ടികൾക്ക് അറിയാം

പഠനോപകരണങ്ങൾ

►സ്കെച്ച് ക്രയോൺ കളർ A 4 പേപ്പർ പൊട്ടുകൾ തീപ്പെട്ടികൾ

മൂല്യങ്ങൾ

►സൗന്ദര്യ ബോധം

| പഠനപ്രവർത്തനം | പ്രതികരണം |
|---|---|
| . എല്ലാ കുട്ടികൾക്കും A 4 പേപ്പർ നൽകുന്നു.<br>. ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറം കൊടുത്ത് ഭംഗിയാക്കാൻ ആവശ്യപ്പെടുന്നു.<br>. സ്വന്തം ചിത്രത്തെക്കുറിച്ച് ഒന്നോ രണ്ടോ ഗുണവശങ്ങൾ പറയാൻ അവസരം.<br>. ചിത്രങ്ങൾ ക്ലാസിൽ പ്രദർശനം.<br>. കൂട്ടുകാരുടെ ചിത്രത്തിൽ കുട്ടികൾക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ പറയാൻ അവസരം.<br>. നിങ്ങൾ ചിത്രം വരച്ചപ്പോൾ എന്താണ് ആദ്യം വരച്ചത്??<br>(സ്വതന്ത്ര പ്രതികരണം )<br>. കുട്ടികൾ സ്വയം വരച്ച ചിത്രങ്ങളിലെ ജാമിതീയ രൂപങ്ങൾ കണ്ടെത്തൽ.<br>. ചിത്രങ്ങളിലെ ഗണിതരൂപങ്ങളെ കുറിച്ച് ചർച്ച-<br>സഹായകരമായ ചില ചിത്രങ്ങൾ (വീട്,മല,പൂവ് - TT ) ടീച്ചർ കാണിക്കുന്നു.<br>.പ്രവേശനോത്സവം<br>• ടീച്ചർ പാഠഭാഗത്തെ ചിത്രം കുട്ടികളെ കാണിക്കുന്നു<br>• ചിത്രത്തെക്കുറിച്ച് പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു<br>• പരിചിത രൂപങ്ങൾ കണ്ടെത്തുന്നു - എണ്ണി തിട്ടപ്പെടുത്തുന്നു<br>(പേര് തിരിച്ച് എഴുതണമെന്നില്ല)<br>• നിറം നൽകുന്നു - ചതുരം (നീല),വട്ടം (പച്ച) ത്രികോണം | |

| | |
|---|---|
| (ചുവപ്പ്)<br><br>ആശംസ കാർഡ<br><br>► TB - യിലെ ആശംസ കാർഡ് എന്ന പ്രവർത്തനം - അവതരണം<br><br>ഒരുവട്ടത്തിന് ചുറ്റും അതേ വലിപ്പമുള്ള എത്രവട്ടങ്ങൾ വരയ്ക്കാൻ കഴിയും?<br><br>► അത്രയും വട്ടങ്ങൾ വരയ്ക്കാൻ കഴിയുമോ?<br><br>►കുട്ടികളുടെ ഊഹം രേഖപ്പെടുത്തൽ<br><br>ആശംസ കാർഡ് നിർമ്മാണം<br><br>►ചെടിയുടെ മധ്യഭാഗത്തുള്ള വട്ടത്തിന്റെ അതേ വലിപ്പമുള്ള 7 പൊട്ടുകൾ / വെട്ടിയെടുത്ത കളർ പേപ്പർ ഒട്ടിച്ച് പൂവ നിർമ്മാണം ( TB ).<br><br>►ഇലകൾ - ത്രികോണങ്ങൾ വരച്ച് നിറം നൽകിയോ കളർ പേപ്പർ വെട്ടി ഒട്ടിച്ചോ ഭംഗിയാക്കാം.<br><br>►കട്ടിയുള്ള കാർഡിൽ ആശംസ കാർഡ് നിർമ്മിച്ച് കുട്ടിയുടെ പോർട്ട്ഫോളിയോയിലേക്ക്.<br><br>രൂപങ്ങൾ നിർമ്മിക്കാം<br><br>►നാണയങ്ങൾ വളകൾ ക്യാരംസ് കോയിനുകൾ ഉപയോഗിച്ച രൂപങ്ങൾ നിർമ്മാണം.<br><br>►അവയുടെ പാറ്റേണുകൾ നിരീക്ഷിക്കാൻ അവസരം - ജി കോംപ്രിക്സിലെ ടക്സ് പെയിന്റ് ് സാധ്യതകൾ -ഉപയോഗം.<br><br>നിങ്ങൾക്കും വരയ്ക്കാമോ ( TB )<br><br>►വട്ടങ്ങൾ ഉപയോഗിച്ച് ഇഷ്ടമുള്ള ചിത്രം വരക്കൽ. | |

►**ചോദ്യം - എങ്ങനെയാണ് വട്ടം വരയ്ക്കുന്നത്?**

(നാണയങ്ങൾ വളകൾ ടോക്കണുകൾ).

►കുട്ടികൾ ചിത്രം TB യിലും NB യിലും വരയ്ക്കൽ - നിറം

കൊടുത്ത് ആകർഷകമാക്കൽ – പ്രദർശനം.

**തോണിയിൽ എന്തൊക്കെ ( TB )**

►തോണി നിർമ്മാണം -ഘട്ടം ഘട്ടമായി ടീച്ചറുടെ അവതരണം

(കളർ പേപ്പറുകൾ കുട്ടികൾക്ക് നൽകൽ).

►**തോണി നിർമ്മിച്ച കടലാസ് നിവർത്തി മടക്കുകളിലൂടെ എട്ടു**

**ചെറിയ കഷണങ്ങളാക്കി മുറിക്കൽ.**

►ഈ പേപ്പറുകൾ ഉപയോഗിച്ച് പാഠപുസ്തകത്തിലെ

രൂപങ്ങൾ (പേജ് 10) നിർമ്മിക്കൽ.

►കൂടുതൽ ചിത്രങ്ങൾ നിർമ്മിക്കാൻ അവസരം നൽകൽ.

►കിട്ടുന്ന രൂപങ്ങൾ നോട്ടുബുക്കിൽ ചിത്രീകരിക്കൽ.

**ലഘു പ്രോജക്ട്**

►എല്ലാ കുട്ടികൾക്കും കട്ടിയുള്ള പേപ്പറിൽ (ഫോം ബോർഡ് /

സൺ പാക്ക് ഷീറ്റ് )വെട്ടിയ ഓരോ ചതുരങ്ങൾ നൽകുന്നു

►കോണോട് കോൺ മുറിക്കണം.

►കിട്ടുന്ന ത്രികോണങ്ങളുടെ വശങ്ങൾ ചേർത്തുവച്ച

വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കണം ( TT ).

**ചോദ്യങ്ങൾ**

►എത്ര രൂപങ്ങൾ ഉണ്ടാക്കാം?

►ഊഹം എഴുതൽ -ചെയ്തു നോക്കി കിട്ടിയ രൂപങ്ങളുടെ

എണ്ണം എഴുതൽ :-

►ചെയ്ത രൂപങ്ങൾ നോട്ടുബുക്കിൽ വരക്കൽ

| | |
|---|---|
| ►കുട്ടികൾക്ക് കിട്ടിയ രൂപങ്ങൾ എണ്ണി പറയൽ - കൂടുതൽ ആർക്ക് ? - കണ്ടെത്തൽ.<br>►ചതുരത്തിന്റെ 4 മൂലകൾ കോണോട് കോൺ മുറിക്കുന്നു - കിട്ടുന്ന കഷണങ്ങളുടെ വിവിധ വശങ്ങൾ ചേർത്തുവച്ച രൂപങ്ങളുടെ നിർമ്മാണം.<br>**തുടർപ്രവർത്തനം**<br>തീപ്പെട്ടി രൂപങ്ങൾ<br>►തീപ്പെട്ടി കമ്പ് /ടൂത്ത് പിക് ഉപയോഗിച്ച് ചതുരങ്ങൾ നിർമ്മിക്കൽ (പോർട്ട്ഫോളിയോ ).<br>►ചതുരങ്ങളുടെ എണ്ണം ,ഉപയോഗിച്ച കമ്പുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തൽ .<br>►ത്രികോണങ്ങൾ നിർമ്മിക്കുക (തീപ്പെട്ടിക്കമ്പുകൾ ,ടൂത്ത്പിക്ക്)<br>►തീപ്പെട്ടി കമ്പുകളുടെ എണ്ണം, ത്രികോണങ്ങളുടെ എണ്ണം എന്നിവ രേഖപ്പെടുത്തൽ<br><br>മൊഡ്യൂൾ 1:- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി നൽകിയ പ്രവർത്തനങ്ങൾ. | |

അധ്യാപകന്റെ പേര് :ഷൈജു കെ എബ്രഹാം

വിദ്യാലയത്തിന്റെ പേര് :സെൻ്റ് പോൾസ് എ എൽ പി എസ് ,ചെമ്പൻകൊല്ലി

വിഷയം : ഗണിതം

യൂണിറ്റ് : 1,രൂപങ്ങൾ വരയ്ക്കാം

മൊഡ്യൂൾ 2

സമയം : 10 പിരീഡ്

തീയതി:

പഠന ലക്ഷ്യങ്ങൾ

നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യമിതിയുടെ ഭംഗി ആസ്വദിക്കുന്നു

ജാമിതീയ രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു

നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു -

അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു,യുക്തി സമർത് ഥിക്കുന്നു,പാറ്റേണുകൾ വരയ്ക്കുന്നു

ആശയം/ ധാരണ

വീടും പരിസരവും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തൽ

ചിത്രീകരിച്ചിരിക്കുന്ന പാറ്റേണുകളുടെ യുക്തി കണ്ടെത്തി തുടർച്ച വരച്ചുചേർക്കൽ

രൂപങ്ങൾ സവിശേഷതയ്ക്ക് അനുസരിച്ച് തരംതിരിക്കൽ

മുന്നറിവ

വൃത്തം ചതുരം ത്രികോണം തിരിച്ചറിയാനും അവ വരയ്ക്കാനും നിർമിയ് ക്കാനും കുട്ടികൾക്ക് അറിയാം

## പഠനോപകരണങ്ങൾ

**സ്കെച്ച്, ക്രയോൺ, തീപ്പെട്ടിക്കമ്പുകൾ, വെജിറ്റബിൾ പ്രിന്റിംഗിനുള്ള തുണി, പച്ചക്കറികൾ**

**മനോഭാവം - സൗന്ദര്യബോധം**

| പഠനപ്രവർത്തനം | പ്രതികരണം |
|---|---|
| **രൂപത്തിൽ കയറി നിൽക്കാം ( TT )**<br>ക്ലാസ്സിലോ പുറത്തോ കളിക്കാം.<br>ത്രികോണം ചതുരം വട്ടം എന്നീ രൂപങ്ങൾ ഒന്നോ രണ്ടോ കുട്ടികൾക്ക് കയറി നിൽക്കാവുന്ന വലിപ്പത്തിൽ വരച്ചിടണം.<br>ഓടുന്നുണ്ടോടുന്നുണ്ടേ ഞങ്ങളൊത്തു ഓടുന്നുണ്ട<br>രൂപം പറഞ്ഞീടിൽ രൂപത്തിൽ കേറി നിൽക്കാം<br>എന്ന പാട്ട് അധ്യാപിക പാടുന്നതിനനുസരിച്ച് രൂപങ്ങൾക്ക പുറത്തുകൂടി കുട്ടികൾ വട്ടത്തിൽ ഓടുന്നു.<br>പാടുന്നതിനിടയിൽ അധ്യാപിക രൂപത്തിന്റെ പേര പറയുന്നതിനനുസരിച്ച് കുട്ടികൾ ആ രൂപങ്ങളിൽ കയറി നിൽക്കുന്നു .ഇടം കിട്ടാത്തവർ മാറിനിൽക്കണം. ഇങ്ങനെ കളി തുടരാം. (കുട്ടികളുടെ എണ്ണം കുറയുന്നതിനനുസരിച്ച അധികമുള്ള രൂപങ്ങളുടെ എണ്ണം കുറയ്ക്കാം. രൂപം പറയുന്നതിന് പകരം കട്ടൗട്ട് കാണിക്കാവുന്നതുമാണ്.)<br>ഒരാളെ വിജയിയായി പ്രഖ്യാപിക്കാം . | |

| | |
|---|---|
| **ടൈലിലെ ചിത്രങ്ങൾ( TB )**<br>- കുട്ടികളുടെ വീട്ടിലെ മുറ്റം ടൈൽ പാകിയിട്ടുണ്ടോ?/<br>അങ്ങനെയുള്ള മുറ്റങ്ങൾ കണ്ടിട്ടുണ്ടോ ?<br>തുടങ്ങിയ ചോദ്യങ്ങൾക്ക് ശേഷം TB പേജ് :12 ലെ<br>ചിത്രങ്ങൾ കാണിക്കുന്നു- കൂടുതൽ ചിത്രങ്ങൾ കാണാൻ<br>അവസരം ഒരുക്കുന്നു.<br>TB യിലെ പോലെയുള്ള ഗ്രിഡ് ഫോട്ടോ കോപ്പി എല്ലാം<br>കുട്ടികൾക്കും നൽകുന്നു.<br>വ്യക്തിഗതമായി കുട്ടികൾ വരയ്ക്കുന്നു- സൂചകങ്ങൾ വച്ച<br>വിലയിരുത്തുന്നു .<br>(സൂചകങ്ങൾ-<br>- പാറ്റേണുകളുടെ ക്രമം/ തുടർച്ച പാലിച്ചിട്ടുണ്ട്.<br>- പാറ്റേണുകൾക്കിടയിലെ യുക്തി മനസ്സിലാക്കിയിട്ടുണ്ട്.<br>-പാറ്റേണുകൾ ആകർഷകമാണ്.)<br>ഗ്രൂപ്പിൽ മെച്ചപ്പെടുത്താൻ അവസരം - മികച്ചത<br>കണ്ടെത്തുന്നു.<br>ടീച്ചേഴ്സ് വേർഷൻ കാണുന്നു.<br>സ്വന്തം പാറ്റേൺ മികച്ചതാക്കുന്നു.( TB പേജ് :12)- ഒരെണ്ണം<br>വീതം ഓരോ കുട്ടിയുടെയുംപോർട്ട് പോളിയോയിലേക്ക്.<br>**ജിയോ ബോർഡ്**<br>സമചതുര പലകയിൽ കൃത്യ അകലത്തിൽ ആണികൾ<br>അടിച്ചു നിർമ്മിക്കുന്ന ജിയോ ബോർഡ് ക്ലാസ്സിൽ<br>നിർമിക്കുന്നു.<br>റബർ ബാൻഡ് /കമ്പിളി നൂല് എന്നിവ ഉപയോഗിച്ച്<br>വിവിധ<br>ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാൻ കുട്ടികൾക്ക്<br>അവസരം<br>നൽകുന്നു.<br>ചോദ്യം -<br>ജിയോ ബോർഡിൽ വട്ടം ഉണ്ടാക്കാൻ കഴിയുമോ? | |

| | |
|---|---|
| TB പേജ് നമ്പർ 13 ലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക സ്വതന്ത്രമായി ചെയ്യാൻ അവസരം നൽകൽ.<br>(ഇവ വിലയിരുത്തൽ പ്രവർത്തനങ്ങൾ ആണ്.)<br>സമാന പ്രവർത്തനങ്ങൾ ടീച്ചർ കണ്ടെത്തി നൽകണം.<br><br>**ചുറ്റുപാടും കാണുന്ന രൂപങ്ങൾ**<br><br>TB പേജ് :14 ലെ ചിത്രത്തിലെ രൂപങ്ങൾ കുട്ടികൾ എണ്ണി എഴുതണം. ( വ്യക്തിഗതം)<br>സ്കൂളിൽ, വീട്ടിൽ,അടുക്കളയിൽ, പൂന്തോട്ടത്തിൽ............<br>വിവിധ വസ്തുക്കളുടെ ആകൃതിയിലെ ജാമിതീയ രൂപങ്ങൾ -ചർച്ച<br>അതിന്റെ അടിസ്ഥാനത്തിൽ TB യിലെ പട്ടിക പൂർത്തിയാക്കൽ.<br><br>**ജൈവവൈവിധ്യ ഉദ്യാനത്തിൽ**<br><br>ജൈവവൈവിധ്യ ഉദ്യാനത്തിലെ ചെടികൾ നിരീക്ഷണം - ഇലകളുടെയും പൂക്കളിലെയും പാറ്റേണുകൾ കാണൽ- ചർച്ച.<br>ഇതളുകളുടെ വിന്യാസം നോട്ടിൽ രേഖപ്പെടുത്തട്ടെ.പുളിയില, നെല്ലിയില,കറിവേപ്പില എന്നിവ ഉപയോഗിച്ച<br>സ്പ്രേ പെയിന്റിങ് -<br>പാറ്റേണുകൾ കാണൽ.<br>പ്രകൃതിയിലെ വസ്തുക്കളിൽ വൈവിധ്യമാർന്ന പാറ്റേണുകൾ ഉണ്ട് എന്ന രീതിയിൽ ചർച്ച | |

| | |
|---|---|
| ക്രോഡീകരണം.<br>മരക്കട്ട രൂപങ്ങൾ<br>കുട്ടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ, ഓരോ ഗ്രൂപ്പിനും<br>നിശ്ചിത എണ്ണം മരക്കട്ടകളും പന്തും നൽകണം.<br>ഓരോ ഗ്രൂപ്പും,ക്ലാസ്സിൽ നിശ്ചിത സ്ഥലത്ത് ഈ<br>വസ്തുക്കൾ പരമാവധി ഉയരത്തിൽ ക്രമീകരിക്കണം.<br>ഏറ്റവും ഉയരത്തിൽ ക്രമീകരിക്കുന്ന ഗ്രൂപ്പിന് വിജയം.<br>തുടർന്ന് TB പേജ് 15 ലെ പട്ടികയിൽ ചതുരക്കട്ടയുടെ<br>ആകൃതിയിലും ഗോളാകൃതിയിലും ഉള്ള വസ്തുക്കളുടെ<br>പേര് എഴുതി പൂർത്തിയാക്കണം.<br>"ഗോളം" എന്ന പേര് കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തണം.<br>വെജിറ്റബിൾ പ്രിന്റിംഗ് ( TB പേജ് 15)<br>വെജിറ്റബിൾ പ്രിന്റിംഗ് കാണാൻ അവസരം<br>ഒരുക്കൽ.ഡൈ തയ്യാറാക്കൽ - ജ്യാമിതീയ രൂപങ്ങൾക്ക്<br>പ്രാധാന്യം<br>നൽകി.<br>പ്രിന്റിങ് നടത്തുമ്പോൾ ജ്യാമിതീയ പാറ്റേണുകൾ<br>രൂപപ്പെടുന്നു ഇന്ന് ഉറപ്പുവരുത്തണം.<br>വെജിറ്റബിൾ പ്രിന്റിംഗ് കുട്ടികൾ എല്ലാവരും<br>രക്ഷിതാക്കളുടെ സഹായത്തോടെ പൂർത്തിയാക്കട്ടെ.<br>വിലയിരുത്തൽ പ്രവർത്തനങ്ങൾ<br>TB പേജ് നമ്പർ 15 16.<br>പ്രവർത്തനങ്ങൾ കുട്ടികൾ സ്വതന്ത്രമായി ചെയ്യട്ടെ.<br>ചെയ്ത പ്രവർത്തനങ്ങൾ പോർട്ട് ഫോളിയോയിലേക്ക<br>മാറ്റണം.<br>നിരന്തര വിലയിരുത്തലിന് വിധേയമാക്കാം.<br>TT യിലെ സമാന പ്രവർത്തനങ്ങൾ ടീച്ചർക്ക<br>ഉപയോഗപ്പെടുത്താവുന്നതാണ്. | |

| | |
|---|---|
| മൊഡ്യൂൾ 1:- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി നൽകിയ പ്രവർത്തനങ്ങൾ.<br>പഠനപ്രവർത്തനം<br>പ്രതികരണം | |